പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3522 — 18.2.2013 ൽ മറുപടിയ്ക്ക്

<u>ബുദ്ധിവൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ</u>

ചോദ്യം — മറുപടി

ശ്രീ.സാജു പോൾ — ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ബുദ്ധിവൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പൂർണ്ണമായും ബുദ്ധി വൈകല്യമുള്ളവർക്ക് പുനരധിവാസവും ഭാഗിക ബുദ്ധി വൈകല്യമുള്ളവർക്ക് സർക്കാർ ജോലി ലഭിക്കാൻ സംവരണവും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) പൂർണ്ണമായും ഭാഗികമായും ബുദ്ധിവൈകല്യമുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിൻ കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രത്യാശാഭവൻ, പുരുഷന്മാർക്കായി മലപ്പുറം ജില്ലയിൽ പ്രതീക്ഷാഭവൻ, കുട്ടികൾക്കായി HMDC എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. 1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ 33-ാം വകുപ്പ് പ്രകാരം പൂർണ്ണമായ അന്ധത, അല്ലെങ്കിൽ കാഴ്ചക്കുറവ്, കേൾവി വൈകല്യം, ലോക്കോമോട്ടർ ഡിസെബിലിറ്റീസ്/സെറിബ്രൽ പൾസി എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമേ 3% ജോലി സംവരണത്തിന് അർഹതയുള്ളൂ. |
| (സി) പൂർണ്ണമായും ബുദ്ധിവൈകല്യമുള്ളവരുടെ സംരക്ഷകർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) ആശ്വാസ കിരണംപദ്ധതിയിൽപ്പെടുത്തി, പൂർണ്ണമായും ബുദ്ധിവൈകല്യമുള്ളവരുടെ സംരക്ഷകർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം ധനസഹായം നൽകി വരുന്നുണ്ട്. |
| (ഡി) ബുദ്ധി വൈകല്യമുള്ള വിദ്യാർത്ഥികളുടെ മുഴുവൻ വിദ്യാഭ്യാസച്ചെലവും ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ? | (ഡി)വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ട വിഷയമാണ്. |

സെക്ഷൻ ഓഫീസർ